# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 218 — 01.04.2013 - ൽ മറുപടിക്ക്

## ടെട്രാ പായ്ക്കിലാക്കി ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കാനുള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. എ. എം. ആരിഫ്<br>ശ്രീ. ബി.ഡി. ദേവസ്സി | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) 2011-12 ലെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന ടെട്രാ പായ്ക്കിലാക്കി ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കാനുള്ള പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് അറിയിക്കുമോ; | (എ) വാട്ടർ അതോറിറ്റിയുടെ കീഴിൽ സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന്റെ പ്രാഥമിക ഭാഗമായി, അരുവിക്കരയിൽ മണിക്കൂറിൽ 7500 ലിറ്റർ ശേഷിയുള്ള യൂണിറ്റ് സ്ഥാപിക്കാൻ വാട്ടർ അതോറിറ്റി നടപടി സ്വീകരിച്ചു വരുന്നു. ഈ പ്ലാന്റിന്റെ പ്രവർത്തനം വിലയിരുത്തിയതിനു ശേഷം തുഷാരഗിരിയിലും തൊടുപുഴയിലും യൂണിറ്റ് സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ആ ഘട്ടത്തിൽ ടെട്രാ പായ്ക്കിലും കൂടി കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള സാധ്യതകൾ വിലയിരുത്തി നടപടികൾ സ്വീകരിക്കുന്നതാണ്. ആയതിനാൽ ടെട്രാ പായ്ക്കിലാക്കി ശുദ്ധമായ കുടിവെള്ളം വിതരണം ചെയ്യാനുള്ള പദ്ധതി വാട്ടർ അതോറിറ്റി ഇതുവരെ പ്രാവർത്തികമാക്കിയിട്ടില്ല. |
| (ബി) മിതമായ വിലയ്ക്ക് ടെട്രാപായ്ക്കിലും കുപ്പിയിലും ജാറിലും ശുദ്ധമായ വെള്ളം വിതരണം ചെയ്യുന്നതിന് ജല അതോറിറ്റി തയ്യാറാകുമോ; | (ബി) മിതമായ വിലയ്ക്ക് കുപ്പിവെള്ളം നിർമ്മിച്ച് ജാറിലും കുപ്പിയിലുമായി വിതരണം ചെയ്യുന്നതിന് അരുവിക്കരയിൽ 7500 എൽപിഎച്ച് കപ്പാസിറ്റിയുള്ള പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ പ്ലാന്റിന്റെ പ്രവർത്തനം വിലയിരുത്തിയിട്ട് തുഷാരഗിരിയിലും തൊടുപുഴയിലും പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കും. ആ ഘട്ടത്തിൽ ടെട്രാപായ്ക്കിലും കൂടി ശുദ്ധമായ വെള്ളം വിതരണം ചെയ്യുന്നതിന്റെ എക്കണോമിക്ക് ഫീസിബിലിറ്റി വിലയിരുത്തി ഉന്നത കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനം എടുക്കുന്നതാണ്. |

.........................2

(സി) പായ്ക്കറ്റുവെള്ള വിതരണക്കാരുടെ താൽപര്യസംരക്ഷണാർത്ഥമാണ് അരുവിക്കരയിലും തൊടുപുഴയിലും തുഷാരഗിരിയിലും തുടങ്ങുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾ നടപ്പാക്കാതിരിക്കുന്നതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അരുവിക്കരയിൽ മണിക്കൂറിൽ 7500 ലിറ്റർ ശേഷിയുള്ള യൂണിറ്റ് സ്ഥാപിക്കാൻ വാട്ടർ അതോറിറ്റി നടപടി സ്വീകരിച്ചു വരുന്നു. ആദ്യ ടെണ്ടറിൽ ഒരാൾ മാത്രം പങ്കെടുക്കുകയും ക്വോട്ടു ചെയ്ത തുക കൂടുതലായതിനാൽ നിരസിക്കുകയും ചെയ്തു. രണ്ടാമത്തെ ടെണ്ടർ അവാർഡ് ചെയ്തെങ്കിലും കരാറുകാരൻ പ്രാഥമിക പണി തുടങ്ങിയതിനു ശേഷം കരാർ പ്രകാരം പണി പുരോഗമിക്കാത്തതിനാൽ ക്യാൻസൽ ചെയ്തു. മൂന്നും നാലും ടെണ്ടർ ഡിഫക്ടീവ് ആയതിനാൽ ക്യാൻസൽ ചെയ്തു. അവസാനത്തെ ടെണ്ടർ, എസ്റ്റിമേറ്റ് തുകയേക്കാളും വളരെ ഉയർന്ന നിരക്കിൽ ക്വോട്ട് ചെയ്തതിനാൽ ക്യാൻസൽ ചെയ്തു. ഇപ്പോൾ അടുത്ത ടെണ്ടർ വിളിക്കാനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

സെക്ഷൻ ഓഫീസർ